LIBRARY ARCHIVES Kerala Legislative Assembly

കരാർകൃഷിക്കുള്ള അനുമതി

77 [400] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കരാർകൃഷി നടത്തുന്നതിനായി ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് കരാർകൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഏതെങ്കിലും സ്ഥാപനങ്ങളുമായോ വിദേശ ഏജൻസികളുമായോ വ്യക്തികളുമായോ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കൃഷിവകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും ഭൂമി ഈ സർക്കാരിന്റെ കാലത്ത് സർക്കാർ ഇതര ഏജൻസികൾക്ക് വിലയ്ക്കോ പാട്ടത്തിനോ മറ്റെന്തെങ്കിലും കരാർ വ്യവസ്ഥയിലോ കൈമാറ്റം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കരാർകൃഷി നടത്തുന്നതിനായി കൃഷിവകുപ്പിൽനിന്നും ആർക്കും അനുമതി നൽകിയിട്ടില്ല.

(ബി) കരാർകൃഷി സമ്പ്രദായം നടപ്പിലാക്കുന്നത് സംബന്ധിച്ച് സംസ്ഥാന കാർഷിക വിലനിർണ്ണയ ബോർഡും കേന്ദ്രസർക്കാരിന്റെ ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിംഗ് ആന്റ് ഇൻസ്പെക്ഷനും ചേർന്ന് ഒരു സംസ്ഥാനതല സെമിനാർ നടത്തിയിട്ടുണ്ട്.

(സി) ഇല്ല.

വിള ഇൻഷ്വറൻസ് പദ്ധതി

78 [401] ശ്രീ. കെ. സി. വേണുഗോപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഈ പദ്ധതി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) വിള ഇൻഷ്വർ ചെയ്യുന്നതിനായി സംസ്ഥാനത്ത് രണ്ടു പദ്ധതികളാണ് നിലവിലുള്ളത്. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയും ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില എന്നിവയ്ക്കാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകിയിരിക്കുന്നത്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ നെല്ല്, മരച്ചീനി, വാഴ, കൈതച്ചക്ക, മഞ്ഞൾ, ഇഞ്ചി എന്നീ വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകിവരുന്നു. സംസ്ഥാന പദ്ധതിയിൽ സ്വന്തമായോ, പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് പ്രീമിയമടച്ച് അംഗമാകാവുന്നതാണ്. 25-3-1995-ലെ സ.ഉ. (എം.എസ്.) നം. 125/95/കൃഷി നമ്പർ ഉത്തരവുപ്രകാരം ഓരോ വിളയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന പ്രീമിയമടച്ച് അംഗമായാൽ, പ്രസ്തുത ഉത്തരവിൽ ഓരോ വിളയ്ക്കും നിർദ്ദേശിച്ചിരിക്കുന്ന നഷ്ടപരിഹാരത്തുക ലഭ്യമാകുന്നതാണ്. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ കർഷകർക്കും പ്രീമിയമടച്ച് അംഗമാകാവുന്നതാണ്. പൊതുമേഖലാ ബാങ്കുകളിൽനിന്നും കൃഷിക്ക് ലോണെടുക്കുന്ന കർഷകർ നിർബന്ധമായും ഈ പദ്ധതിയിൽ അംഗമായി ചേരേണ്ടതാണ്. ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയം തുകയുടെ 50 ശതമാനം സബ്സിഡിയായി നൽകിവരുന്നു. പ്രഖ്യാപിത പ്രദേശത്ത് വിളയുടെ ഉല്പാദനത്തിൽ ഉണ്ടാകുന്ന കുറവിനേയും കർഷകർ അവരുടെ വിളകൾ ഇൻഷ്വർ ചെയ്തിരിക്കുന്ന തുകയേയും അടിസ്ഥാനമാക്കി കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നു. ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി അഗ്രികൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യാ ലിമിറ്റഡ് മുഖേനയും സംസ്ഥാന കൃഷി ഇൻഷ്വറൻസ് പദ്ധതി കൃഷി വകുപ്പു മുഖേനയും നടപ്പിലാക്കിവരുന്നു.

(സി) ബാധകമല്ല.

മുക്കം കൃഷിഭവന് സ്വന്തം കെട്ടിടം

79 [403] ശ്രീ. യു. സി. രാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ മുക്കം പഞ്ചായത്തിലെ കൃഷിഭവന് സ്വന്തം കെട്ടിടം ഇല്ലെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്വന്തം കെട്ടിടം നിർമ്മിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) ഇപ്പോൾ ഉപയോഗിക്കാതെ കിടക്കുന്ന ഇരിങ്ങാംപറ്റപറമ്പ് മിച്ചഭൂമി ഈ ആവശ്യത്തിന് ഉപയോഗിക്കുവാൻ നടപടി സ്വീകരിക്കുമോ?